ട്രൈബൽ ഹോസ്റ്റൽ നിർമ്മാണ നടപടി

160 [936] ശ്രീ. യു സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) എവിടെയൊക്കെയാണ് ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം സി.ഡബ്ള്യു.ആർ.ഡി.എം. ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന എസ്.റ്റി. ഹോസ്റ്റലിൽ ആവശ്യമായ സൗകര്യമില്ലാത്തതു കാരണം വിദ്യാർത്ഥികൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുന്ദമംഗലത്ത് ട്രൈബൽ ഹോസ്റ്റൽ പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇവിടെ ഹോസ്റ്റൽ പണിയുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഹോസ്റ്റലുകൾക്കും ഭൂമി കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശമുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം വില്ലേജിൽ 390-ൽ 5-എ2 എന്ന സർവേ നമ്പരിൽ റസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന പൊതുമരാമത്തുവക ഭൂമിയിൽ ഒരേക്കർ ഭൂമി വിട്ടുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

161 [937] ശ്രീ. വി. കെ. സി. മമ്മത്കോയ :

,, കെ. രാധാകൃഷ്ണൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള എന്തെല്ലാം പദ്ധതികളും ആവശ്യങ്ങളും സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിർദ്ദിഷ്ട പദ്ധതികളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം വെളിവായിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) മുൻ വർഷം പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായോ ;

(ഇ) തന്നാണ്ടിലെ കേന്ദ്ര പദ്ധതികളുടെ സംസ്ഥാനത്തെ നടത്തിപ്പ് വിലയിരുത്തുകയുണ്ടായോ ?

ഉത്തരം

(എ) താഴെ പറയുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

1. ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ധന സഹായം ലഭിക്കുവാനുള്ള 109 കോടി രൂപയുടെ പ്രോജക്ട്.

2. പ്രാക്തന ഗോത്ര വർഗ്ഗക്കാരായ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി.

3. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ധാന്യബാങ്ക് ആരംഭിക്കൽ.

4. പട്ടികജാതി സമുദായ ലിസ്റ്റിൽ ഉൾപ്പെടുന്ന 'വേടൻ' സമുദായത്തെ പട്ടികവർഗ്ഗസമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം.

5. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനും, ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നൽകുന്നതിനും, പട്ടികജാതി കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സഹായം.

6. 7693.3257 ഹെക്ടർ വനഭൂമി പുനരധിവാസത്തിന് ഉപയോഗിക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള നെറ്റ് പ്രസന്റ് വാല്യൂ ഒഴിവാക്കിക്കിട്ടണമെന്ന ആവശ്യം.

(ബി) മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് അറിയുന്നു.

(സി) പട്ടികജാതി വികസനത്തിനായി :

1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ബുക്ക് ബാങ്ക് പദ്ധതി.

2. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

3. പൗരാവകാശ സംരക്ഷണനിയമം നടപ്പിലാക്കുന്ന പദ്ധതി, അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

4. കോച്ചിംഗ് ആന്റ് അലയിഡ് സ്കീം.

5. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക്ക് വിദ്യാഭ്യാസ സഹായം.

6. പട്ടികജാതി ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.

7. പട്ടികജാതി പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം.

8. പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി വിവിധ വിദ്യാഭ്യാസ, ആരോഗ്യ സാമ്പത്തിക, സാമൂഹിക പരിപാടികൾ 50%, 100% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ (1) മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമം സ്കൂളുകളുടെ നിർമ്മാണം (2) ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രീമെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം (3) പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് (4) വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ (5) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ (6) ഇടുക്കി, മാനന്തവാടി, അട്ടപ്പാടി ആരോഗ്യ പദ്ധതികൾ (7) പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്നിവയാണ്.

(ഡി) പട്ടികജാതി വികസന വകുപ്പിൽ പൂർണ്ണമായും ചെലവഴിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിൽ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

(ഇ) വിലയിരുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കുന്ന പദ്ധതികളുടെ പ്രവർത്തനം

162 [938] ഡോ. തോമസ് ഐസക് :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കുന്ന കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് പദ്ധതികളുടെ പ്രവർത്തനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly